"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയിലെ മെയിൻ ഓഫീസിലും വൈറ്റില, ഫോർട്ട് കൊച്ചി, മാമംഗലം എന്നീ സോണൽ ഓഫീസുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന-ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1271/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/06/2020

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.08.2011 തീയതിയിലെ ഇ7(എസ്.സി.11/11/ഇകെഎം) 15430/2011 നമ്പർ കത്ത്

2 11.05.2015തീയതിയിലെ 65955/ഇയു2/2011/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 29.06.2019 തീയതിയിലെ വി3- 11690/15 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് 'ഓപ്പറേഷൻ സ്നേക്ക് ഐ' എന്ന പേരിൽ കൊച്ചി നഗരസഭയിലെ മെയിൻ ഓഫീസിലും വൈറ്റില, ഫോർട്ട് കൊച്ചി, മാമംഗലം എന്നീ സോണൽ ഓഫീസുകളിലും 10.06.2011-ൽ നടത്തിയ മിന്നൽ പരിശോധനയിൽ കൊച്ചി നഗരസഭയിലെ മെയിൻ ഓഫീസിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായെന്നും അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിട്ടിട്ടുണ്ടായിരുന്ന രണ്ട് ജീവനക്കാർ പരിശോധനാ വേളയിൽ ഹാജരായിരുന്നില്ലായെന്നും, തൻപതിവേട് രജിസ്റ്റർ ശരിയായ വിധത്തിൽ സൂക്ഷിച്ചിരുന്നില്ലായെന്നും, വേക്കൻസി റമിഷനുള്ള ധാരാളം അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിരുന്നില്ലായെന്നും, മൂവ്മെന്റ് രജിസ്റ്റർ ശരിയായ വിധം പരിപാലിക്കപ്പെട്ടിട്ടില്ലായെന്നും, കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായിയെന്നും, ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ അപേക്ഷ സ്വീകരിക്കുന്ന തീയതിയും പെർമിറ്റ് അനുവദിക്കുന്ന തീയതിയും വ്യക്തമായ രേഖപ്പെടുത്തലുകളില്ലായെന്നും, കെട്ടിട നിർമ്മാണാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലായെന്നുമുള്ള ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.. വിജിലൻസ് കണ്ടെത്തിയ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ജീവനക്കാരായ സൂപ്രണ്ട് ശ്രീ വി.കെ ഷാജി, റവന്യൂ ഓഫീസർമാരായ ശ്രീ സി.എ. താജുദ്ദീൻ, ശ്രീമതി കെ.എംസൈനവ, റവന്യൂ ഇൻസ്പെക്ടർ ശ്രീ.കെ.കെ.വീണാധരൻ, സീനിയർ ക്ലാർക്കുമാരായ ശ്രീ. ഒ.എസ്. ഹരീഷ് കുമാർ, ശ്രീ പി.കെ. ജയൻ, ശ്രീമതി .ജെ. അശ്വതി, ശ്രീമതി . കെ.എം ഡെയ്സമ്മ, ശ്രീമതി റ്റി.ഷീജ, ശ്രീമതി പി.എ രജനി, ക്ലാർക്കുമാരായ ശ്രീ കെ.സി സുമേഷ്, ശ്രീ എൻ.കെ. ഗോപാലൻ എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. കൂടാതെ കൊച്ചി നഗരസഭയിലെ വൈറ്റില, ഫോർട്ട് കൊച്ചി, മാമംഗലം എന്നീ മൂന്ന് സോണൽ ഓഫീസുകളിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ബിൽഡിംഗ് പെർമിറ്റിനു വേണ്ടിയുള്ള നിരവധി അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടില്ലാത്തതായും ഓഫീസിൽ ലഭ്യമാകുന്ന അപേക്ഷകൾ തപാൽ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നും, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിപാലിക്കുന്നില്ലായെന്നും, തൻപതിവേട് രജിസ്റ്റർ ശരിയായ വിധം പരിപാലിക്കുന്നില്ലെന്നും, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നിർദ്ദേശങ്ങൾ അടങ്ങിയ മുന്നറിയിപ്പ് ബോർഡ് പതിപ്പിച്ചിട്ടില്ലെന്നും, വിവിധ തരം സർട്ടിഫിക്കറ്റ് വിതരണത്തിൽ സീനിയോറിറ്റി പാലിക്കപ്പെടുന്നില്ലെന്നും മൂവ്മെന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ലെന്നും ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ കോളങ്ങൾ ശരിയായ വിധത്തിലുള്ള രേഖപ്പെടുത്തലുകൾ ഇല്ലാതെ പരിപാലിച്ചു പോരുന്നതായും കണ്ടെത്തിയിരുന്നു. വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ജീവനക്കാരായ സൂപ്രണ്ട് ശ്രീ പോൾ എം. ഫിലിപ്പ്, റവന്യൂ ഓഫീസർ ശ്രീ ആർ മിനിമോൾ, സീനിയർ ക്ലാർക്കുമാരായ ശ്രീ കെ.വി ചന്ദ്രകുമാരി, ശ്രീ .ജി. രാജേഷ്, ശ്രീമതി .എത്സമ്മ വർഗ്ഗീസ്, ശ്രീ. റ്റി.എസ്. അജി, ശ്രീ. പി.റ്റി ഷാജൻ എന്നീ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. വിജിലൻസ് ഡയറക്ടറുടെ മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജീവനക്കാർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആരോപണ വിധേയരായ ജീവനക്കാർക്ക് നൽകിയ കുറ്റാരോപണ മെമ്മോ/പത്രികയിലെ ആരോപണങ്ങളും ആയതിന് ബന്ധപ്പെട്ട ജീവനക്കാർ സമർപ്പിച്ച മറുപടിയും പരിശോധിച്ച് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

4. കൊച്ചി നഗഗരസഭയിലെ മെയിൻ ഓഫീസിലും വൈറ്റില, ഫോർട്ട് കൊച്ചി, മാമംഗലം എന്നീ മൂന്ന് സോണൽ ഓഫീസിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 10.06.2011-ൽ നടത്തിയ മിന്നൽ പരിശോധനയിൽ സീനിയർ ക്ലാർക്കുമാരായ ശ്രീ.ഒ.എസ്. ഹരീഷ് കുമാർ, ശ്രീ.കെ.സി.സുമേഷ്, ശ്രീമതി.പി.എ.രജനി, ശ്രീമതി. കെ.എം ഡെയ്സമ്മ, , ശ്രീമതി. റ്റി. ഷീജ, ശ്രീമതി. ജെ. അശ്വതി, ക്ലാർക്ക് ശ്രീ.പി.കെ. ജയൻ എന്നിവർ തൻപതിവേട് രജിസ്റ്റർ ശരിയായ വിധം പരിപാലിച്ച് സൂക്ഷിച്ചിരുന്നില്ല എന്ന് കണ്ടെത്തിയിരുന്നു. വിജിലൻസ് പരിശോധനയ്ക്ക് മുമ്പായി തൻപതിവേട് രജിസ്റ്റർ ശരിയായ വിധം എഴുതി സൂക്ഷിക്കാതിരുന്നതിന് ടിയാന്മാർ സമർപ്പിച്ച മറുപടി പൂർണ്ണമായും അംഗീകരിക്കാൻ കഴിയാത്തതും ആയത് തൃപ്തികരവുമല്ല. ആയതിനാൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചയായി കണ്ട് ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. വിജിലൻസ് മിന്നൽ പരിശോധനയിൽ റവന്യൂ ഓഫീസർമാരായ ശ്രീമതി ആർ മിനിമോൾ, വേക്കൻസി റെമിഷനുള്ള ധാരാളം അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിരുന്നില്ല എന്ന് കണ്ടെത്തിയിരുന്നു. ശ്രീമതി ആർ മിനിമോൾ കൊച്ചി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായി 08.06.2011-ൽ ആണ് ചാർജ്ജ് എടുത്തിട്ടുള്ളത്. നഗരസഭയിൽ വിജിലൻസ് മിന്നൽ പരിശോധന നടന്നത് 10.06.2011-ൽ ആണ്. ടിയാരി ചാർജ്ജ് ഏറ്റെടുത്ത് കേവലം ഒരു ദിവസം കഴിഞ്ഞതിനു ശേഷമാണ് വിജിലൻസ് പരിശോധന നടന്നതെന്നും ആയതിനാൽ മുൻ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് സമയം കിട്ടിയിട്ടില്ല എന്ന ടിയാരിയുടെ മറുപടി പരിഗണിക്കാവുന്നതാണെന്നും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിലും അറിയിച്ചിരിക്കുന്നു. വേക്കൻസി റെമിഷനു വേണ്ടിയുള്ള അപേക്ഷയിൽ പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സമയപരിമിതി

ഉണ്ടായിട്ടുണ്ടെന്ന വസ്തുത പരിഗണിച്ച് നിലവിൽ കോട്ടയം നഗരസഭയിൽ റവന്യൂ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി ആർ.മിനിമോളെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

6. കൊച്ചി നഗരസഭയിൽ സീനിയർ ക്ലാർക്കുമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ റ്റി.എസ്.അജി, ശ്രീ.പി.റ്റി. ഷാജൻ, ശ്രീമതി.എത്സമ്മ വർഗ്ഗീസ്, ശ്രീ. ജി. രാജേഷ് എന്നിവരുടെ പക്കൽ ഓണർഷിപ്പിനും റസിഡൻസി സർട്ടിഫിക്കനുമുള്ള ധാരാളം അപേക്ഷകളിന്മേൽ കാലതാമസം വരുത്തിയതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിരുന്നു. അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിട ഉടമ ആയിരിക്കില്ല ചില അപേക്ഷകൾ സമർപ്പിക്കുന്നതെന്നും പ്രസ്തുത അപേക്ഷകനോട് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് അറിയിപ്പ് നൽകുകയും ആയതിൻ പ്രകാരം അപേക്ഷകൻ രേഖകൾ ഹാജരാക്കുന്നതിൽ വന്നിട്ടുള്ള കാലതാമസവും ഒന്നിലധികം സെക്ഷനുകളുടെ ചാർജ്ജ് വഹിക്കേണ്ടി വന്നിരുന്നതിനാലുമാണ് ഓണർഷിപ്പിനും റസിഡൻസി സർട്ടിഫിക്കറ്റിനുമുള്ള അപേക്ഷകളിൽ കാലതാമസം നേരിട്ടുള്ളതെന്ന് ടിയാന്മാർ മറുപടി സമർപ്പിച്ചിരിക്കുന്നു.

7. റസിഡൻസ് സർട്ടിഫിക്കറ്റ് ,ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിന് കാലതാമസം വരുത്തിയതിന് ശ്രീ റ്റി.എസ്. അജി, ശ്രീ പി.റ്റി. ഷാജൻ, ശ്രീ.റ്റി. രാജേഷ്, ശ്രീമതി . എത്സമ്മ വർഗ്ഗീസ് എന്നിവർ സമർപ്പിച്ച മറുപടി പൂർണ്ണമായും അംഗീകരിക്കാൻ കഴിയാത്തതും ആയത് തൃപ്തികരവുമല്ല. ടിയാളുകൾ നഗരസഭയിൽ വിവിധതരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടാക്കിയ നടപടി ടിയാന്മാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണ്ട് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്നു.

8. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ, ആരോപണത്തിന്മേലുള്ള ജീവനക്കാരുടെ മറുപടിയിൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, ഇക്കാര്യത്തിലുള്ള നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ സഹിതം പരിശോധിച്ചതിൽ അരോപണവിധേയരായ മേൽ പരാമർശിച്ച 11 ക്ലർക്കുമാരുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്.

9. എന്നാൽ ശ്രീമതി ആർ മിനിമോൾ കൊച്ചി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായി 08.06.2011-ൽ ആണ് ചാർജ്ജ് എടുത്തിട്ടുള്ളത്. നഗരസഭയിൽ വിജിലൻസ് മിന്നൽ പരിശോധന നടന്നത് 10.06.2011-ൽ ആണ്. ടിയാരി ചാർജ്ജ് ഏറ്റെടുത്ത് കേവലം ഒരു ദിവസം കഴിഞ്ഞതിനു ശേഷമാണ് വിജിലൻസ് പരിശോധന നടന്നതെന്നും ആയതിനാൽ മുൻ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് സമയം കിട്ടിയിട്ടില്ല എന്ന ടിയാരിയുടെ മറുപടി അംഗീകരിക്കാവുന്നതാണെന്നും കാണുന്നു.

10. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിലെ മെയിൻ ഓഫീസിലും വൈറ്റില, ഫോർട്ട് കൊച്ചി, മാമംഗലം എന്നീ സോണൽ ഓഫീസുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, റവന്യൂ ഓഫീസർ ശ്രീ.ആർ മിനിമോൾക്കെതിരേയുള്ള തുടർനടപടി ഒഴിവാക്കിയും കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ചുവടെ പരാമർശിക്കുന്ന ജീവനക്കാരുടെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫലപ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

1. ശ്രീ .ഒ.എസ്. ഹരീഷ് കുമാർ, സീനിയർ ക്ലാർക്ക്
2. ശ്രീ . പി.കെ. ജയൻ, സീനിയർ ക്ലാർക്ക്
3. ശ്രീമതി. ജെ. അശ്വതി,സീനിയർ ക്ലാർക്ക്
4. ശ്രീമതി. കെ.എം. ഡെയ്സമ്മ,സീനിയർ ക്ലാർക്ക്
5. ശ്രീമതി. റ്റി.ഷീജ, സീനിയർ ക്ലാർക്ക്
6. ശ്രീമതി. പി.എ. രജനി. സീനിയർ ക്ലാർക്ക്
7. ശ്രീ. ജി. രാജേഷ്, സീനിയർ ക്ലാർക്ക്

8. ശ്രീമതി. എത്സമ്മ വർഗ്ഗീസ്, സീനിയർ ക്ലാർക്ക്
9. ശ്രീ.റ്റി.എസ് അജി,സീനിയർ ക്ലാർക്ക്
10. ശ്രീ.പി.റ്റി. ഷാജൻ, സീനിയർ ക്ലാർക്ക്
11. ശ്രീ.കെ.സി.സുമേഷ്, ക്ലാർക്ക്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(നഗരകാര്യഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(19.02.2020 തീയതിയിലെ VIG-D1/76/2020-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ